# L.S.S. EXAMINATION, FEBRUARY - 2024
## എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2024
### (Paper-I) / (പേപ്പർ-I)

| | | | | | | | |
|---|---|---|---|---|---|---|---|
| രജിസ്റ്റർ നമ്പർ | അക്കത്തിൽ | | | | | | |
| | അക്ഷരത്തിൽ | | | | | | |

സമയം : 1½ മണിക്കൂർ | ആകെ സ്കോർ : 40

L.S.S. EXAMINATION, FEBRUARY - 2024

എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2024

(Paper-I) / (പേപ്പർ-I)

ഓഫീസ് ഉപയോഗത്തിന് വേണ്ടി (For office use only)

**പൊതു നിർദ്ദേശങ്ങൾ / General Instructions :**

1. 10.15 മണി മുതൽ 12 മണി വരെയാണ് പരീക്ഷാ സമയം.
   The time of examination is from 10.15 a.m. to 12.00 p.m.
2. ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.
   The first 15 minutes will be cool-off time. This time should be used for reading the questions carefully.
3. പേപ്പർ–ഒന്നിലെ ചോദ്യങ്ങൾ മൂന്നുഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട് – എ (ഒന്നാംഭാഷ - മലയാളം), പാർട്ട് – ബി (ഇംഗ്ലീഷ്), പാർട്ട് – സി (പൊതു വിജ്ഞാനം).
   Paper-I includes 3 parts. Part - A (Malayalam), Part - B (English) and Part - C (General Knowledge).
4. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
   Answer all the questions in the space provided in the question paper.
5. പാർട്ട് – സി (പൊതു വിജ്ഞാന) ചോദ്യങ്ങൾ മലയാളം / ഇംഗ്ലീഷ് മാധ്യമങ്ങളിലായി തൊട്ടടുത്തു വരുന്ന പേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾ തങ്ങളുടെ മീഡിയത്തിലെ പേജിൽ ഉത്തരം എഴുതേണ്ടതാണ്.
   Part - C (General Knowledge) questions of Malayalam Medium and English Medium are given in separate pages. Candidate must answer in the pages selected as their medium.
6. ബുക്ക്‌ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.
   Identification marks or any other marks of such kind should not be written on the booklet.
7. ബുക്ക്‌ലെറ്റ് ഇൻവിജിലേറ്ററെ ഏൽപിച്ചതിനുശേഷം മാത്രമേ പരീക്ഷഹാൾ വിട്ട് പുറത്ത് പോകുവാൻ പാടുള്ളു.
   Candidates should handover the booklet to the invigilator before leaving the examination hall.

# എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2024

## പേപ്പർ-I (പാർട്ട് - എ)

## ഒന്നാംഭാഷ - മലയാളം

ആകെ സ്കോർ : 20

- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- **എല്ലാ** ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതേണ്ടതാണ്.

1. കേരളീയ കലകൾ അഭ്യസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സ്ഥാപിതമായിട്ടുള്ള കൽപ്പിത സർവകലാശാല ഏത് ? **(1 സ്കോർ)**

**ഉത്തരം :**

2. 'താളുംതകരയും 'എന്ന പാഠം ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ് ? **(1 സ്കോർ)**

**ഉത്തരം :**

3. സൂചനകളിൽ നിന്ന് തിരിച്ചറിയൂ ? **(1 സ്കോർ)**

2024 ൽ നൂറാം ചരമവാർഷികം.
ആധുനിക കവിത്രയത്തിൽപ്പെടുന്നു.
കായിക്കരയിൽ ജനനം.
പ്രരോദനം എന്ന കൃതി രചിച്ചു.
സാഹിത്യകാരനാര് ?

**ഉത്തരം :**

4. അക്ഷരമാലാക്രമത്തിൽ എഴുതുക. **(1 സ്കോർ)**

വൈദേശികം, വിജ്ഞാനം,വൃഷ്ടി, വേനൽ

**ഉത്തരം :**

5. പിരിച്ചെഴുതുക **(1 സ്കോർ)**

മടിയിലിരുത്തി

**ഉത്തരം :**

**6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം.**

6. താഴെ കൊടുത്തിരിക്കുന്ന എല്ലാ പദങ്ങളും ശരിയായി എഴുതിയ കൂട്ടം ഏത് ? **(1 സ്കോർ)**

(A) വന്ദിക്കുക, അബ്ദം, അന്തരംഗം, മൃക്ഷ്ടാന്നം

(B) വന്ദിക്കുക, അബ്ധം, അന്തരംഗം, മൃഷ്ടാന്നം

(C) വന്ദിക്കുക, അബ്ദം, അന്തരംഗം, മൃഷ്ടാന്നം

(D) വന്ദിക്കുക, അബ്ദം, അന്തരംഗം, മൃഷ്ഠാനം

**ഉത്തരം :**

7. കതിരിൽ വളംവയ്ക്കുക എന്ന പ്രയോഗത്തിന്റെ ആശയവുമായി ബന്ധമില്ലാത്തത് ഏത് ? **(1 സ്കോർ)**

(A) ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട കാര്യങ്ങൾ പിന്നീട് ചെയ്താൽ പ്രയോജനമില്ല.

(B) നെൽക്കതിർ വരുമ്പോൾ വളം ചെയ്യുന്നതാണ് നല്ലത്.

(C) ആവശ്യം കഴിയുമ്പോൾ പ്രവർത്തിച്ചിട്ട് ഫലമില്ല.

(D) ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്തും സ്ഥലത്തും ചെയ്തില്ലെങ്കിൽ ഫലമില്ല.

**ഉത്തരം :**

8. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ശരിയായ ചിഹ്നം ചേർത്ത് എഴുതിയത് ഏത്? **(1 സ്കോർ)**

(A) ''മറിച്ചാണ് തിരുമനസ്സേ ? ഞാൻ എപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്. '' ബീർബൽ പറഞ്ഞു.

(B) ''മറിച്ചാണ് തിരുമനസ്സേ, ഞാൻ എപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്.'' ബീർബൽ പറഞ്ഞു.

(C) മറിച്ചാണ് തിരുമനസ്സേ. ഞാൻ എപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ് ബീർബൽ പറഞ്ഞു.

(D) ''മറിച്ചാണ് തിരുമനസ്സേ, ഞാൻ എപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്!'' ബീർബൽ പറഞ്ഞു.

**ഉത്തരം :**

9. വിചിത്രം എന്ന വാക്കിന്റെ അർഥമായി വരാത്തത് ഏത് ? **(1 സ്കോർ)**

(A) പ്രസിദ്ധം (B) പലനിറം (C) മനോഹരം (D) അദ്ഭുതകരം

**ഉത്തരം :**

10. കഥകളിയിൽ പച്ച വേഷത്തിൽ പെടാത്ത കഥാപാത്രം ഏത് ? **(1 സ്കോർ)**

(A) ധർമ്മപുത്രൻ (B) ശ്രീ കൃഷ്ണൻ (C) നളൻ (D) ദമയന്തി

**ഉത്തരം :**

11. പി. മധുസൂദനന്റെ ' ശലഭത്തിന്റെ ലോകം' എന്ന കവിതയിലെ ഏതാനും വരികളാണ് തന്നിരിക്കുന്നത്.

എത്ര മനോജ്ഞം, മധുരം, സൗമ്യം
ശലഭത്തിൻ ലോകം!
അഴകിൻ പീലിക്കുടകൾ നിവർത്തും
വർണവിതാനങ്ങൾ
വെള്ളിലവള്ളികൾ നൃത്തം വയ്ക്കും
നെൽവയലോരങ്ങൾ...
പുഷ്പകുലങ്ങളൊരുക്കും മധുര-
ത്തുള്ളികൾ, പൂമ്പൊടികൾ....!
-സ്വപ്നം പോലെ മനോഹരമാണൊരു
ശലഭത്തിൻ ലോകം!
എത്ര വിശുദ്ധം, വിമലം, ധന്യം
ശലഭത്തിന്റെ ജന്മം!
പൂക്കൾക്കിടയിൽ മറ്റൊരു പൂവായ്
പറന്നു നീങ്ങുമ്പോൾ,
നേരിയ ചിറകുകളാലൊരു മൊട്ടിനെ
വീശിയുറക്കുമ്പോൾ,
മൂളിപ്പാട്ടുകൾ കൊണ്ടൊരു പൂവിനു
സാന്ത്വനമേകുമ്പോൾ,
-സ്വർഗം പോലെ മഹത്തരമാണൊരു
ശലഭത്തിൻ ജന്മം!

(a) ഭംഗി എന്ന അർഥത്തിൽ 'ശലഭത്തിന്റെ ലോകം' എന്ന കവിതയിൽ മനോഹരം, മനോജ്ഞം എന്നീ പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഇതേ അർഥത്തിൽ കവിതയിൽ പ്രയോഗിച്ചിരിക്കുന്ന മറ്റൊരു വാക്ക് എഴുതുക. (1 സ്കോർ)

**ഉത്തരം :**

(b) നാലാം ക്ലാസിലെ മലയാളം പാഠപുസ്തകത്തിൽ ശലഭങ്ങളുടെ മനോഹാരിത വർണിക്കുന്ന 'കുട്ടിയും തള്ളയും' എന്ന കവിത നിങ്ങൾ പഠിച്ചല്ലോ. ആ കവിത ഏതു കൃതിയിലേതാണ് ? (1 സ്കോർ)

**ഉത്തരം :**

(c) മുകളിലെ കവിതയുടെ ആസ്വാദനക്കുറിപ്പ് എഴുതുക. (3 സ്കോർ)

**ഉത്തരം :**

12. നിധി എന്ന കുട്ടി യാത്രയ്ക്കിടയിൽ കണ്ട സംഭവം ഡയറിക്കുറിപ്പായി എഴുതിയതാണ് ചുവടെ.

17/01/2024

ബുധൻ

ഇന്ന് ഞങ്ങളുടെ യാത്രക്കിടയിൽ മറക്കാനാകാത്ത ഒരു സംഭവമുണ്ടായി. വൈകിട്ട് നാലരയായപ്പോൾ ഞങ്ങളുടെ ട്രയിൻ ഷൊർണൂർ സ്റ്റേഷനിലെത്തി. അവിടെ വണ്ടി പത്തു മിനിറ്റ് നിർത്തിയിട്ടു. പ്ലാറ്റ്ഫോമിൽ സൂചികുത്താനിടയില്ലാത്ത വിധം ആളുകൾ. ധാരാളം കച്ചവടക്കാർ. ഈ കാഴ്ചകളൊക്കെ കണ്ടു രസിച്ചിരിക്കുകയായിരുന്നു ഞാൻ. അപ്പോഴാണ് അപ്പുറത്തെ പാളത്തിൽ ഒരു ചെറിയ കുട്ടി നിൽക്കുന്നതുകണ്ടത്. മൂന്നോ നാലോ വയസ്സു കാണും. കയ്യിൽ നിന്നും വീണുപോയ പാവ എടുക്കാൻ ശ്രമിക്കുകയായിരുന്നു അവൾ. പെട്ടെന്ന് തീവണ്ടി വരുന്നതിന്റെ അറിയിപ്പ് ഉച്ചഭാഷിണിയിലൂടെ മുഴങ്ങി. എനിക്ക് വല്ലാതെ പേടിയായി. എന്റെ കണ്ണിൽ ഇരുട്ടുകയറും പോലെ തോന്നി. പെട്ടെന്നാണ് ഒരു പൊലീസുകാരൻ കുട്ടിയുടെ അടുത്തേക്ക് ഓടിച്ചെന്നത്. ഞൊടിയിടയിൽ അദ്ദേഹം കുട്ടിയെ റെയിൽപാളത്തിൽ നിന്നും എടുത്തു മാറ്റി. തൊട്ടുപിറകെ തന്നെ തീവണ്ടി ചീറിപ്പാഞ്ഞ് കടന്നുപോയി. ആളുകൾ പോലീസുകാരനു ചുറ്റും അഭിനന്ദനവുമായി ഒത്തുകൂടി. എനിക്കും പോകണമെന്ന് തോന്നി. അപ്പോഴേക്കും ഞങ്ങളുടെ ട്രയിൻ നീങ്ങിത്തുടങ്ങി.

(a) ഡയറിക്കുറിപ്പിൽ ജനത്തിരക്കിനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പ്രയോഗം ഏത് ? **(1 സ്കോർ)**

**ഉത്തരം :**

(b) പെട്ടെന്ന് എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത് ? **(1 സ്കോർ)**

**ഉത്തരം :**

(c) നിധിയുടെ ഡയറിയെ അടിസ്ഥാനമാക്കി പത്രവാർത്ത തയ്യാറാക്കുക. **(3 സ്കോർ)**

# L.S.S. EXAMINATION, FEBRUARY - 2024

## (Part - B)

## ENGLISH

**Total Score : 10**

- Questions **13** to **14** are included in the English Section.
- The score of each question is given against it.
- Write the answers to the questions in the space provided.
- Answer **all** the questions.

**13. Read the following passage and answer the questions that follow.** **(1 Score)**

It was a summer fair. People walked to the fair ground through the narrow lane. Some of them walked and some rode on horses. Some others came on bullock carts. The boy was fascinated by toys and stopped to have a close look at them.

(a) People reached the fair through the narrow lane.
Find a word **opposite** in meaning of the word underlined.

(A) thin (B) long
(C) wide (D) broad

**Answer :**

(b) Complete the sentence choosing appropriate word from those given below. **(1 Score)**
The boy went to the summer fair __________ his parents.

(A) to (B) with
(C) of (D) through

**Answer :**

(c) The given passage is the description of a fair. Prepare a **write-up** about a fair/festival you have visited. **(3 Score)**

14. **Read the following passage and answer the questions that follow.**

Children gathered in the courtyard of the palace with flowery pots. The courtyard had turned into a bouquet. The king looked at the children. Their faces were shining with hope.

'Hah!' the king sighed. He was not at all happy.

(a) Complete the sentence choosing the correct word from those given below. **(1 Score)**

The children who gathered in the courtyard were ________.

(A) disappointed (B) angry

(C) hopeful (D) sad

**Answer :**

(b) Select a suitable word from the brackets and fill in the blanks. **(1 Score)**

If **crowd** is related to people, **bouquet** is related to ________.

(stars, flowers, colours, trees)

**Answer :**

(c) 'Hah!' the king sighed. He was not at all happy. **(3 Score)**

Why was the king unhappy ?

# എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2024

## (പാർട്ട് – സി)

## പൊതു വിജ്ഞാനം

ആകെ സ്കോർ : 10

- **എല്ലാ** ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
- **15** മുതൽ **24** വരെയുള്ള ചോദ്യങ്ങളാണ് പൊതു വിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ശരിയുത്തരത്തിനും **ഒരു** സ്കോർ വീതം ലഭിക്കുന്നതാണ്.

15. ഇന്ത്യയിലെ കേന്ദ്രഭരണപ്രദേശങ്ങളിൽ ഉൾപ്പെടാത്തത് ഏത് ? **(1 സ്കോർ)**

(A) ഛണ്ഡീഗഢ് (B) ലക്ഷദ്വീപ്

(C) പഞ്ചാബ് (D) പുതുച്ചേരി

**ഉത്തരം :**

16. **'ജീവിതം ഒരു പെൻഡുലം'** എന്ന കൃതിക്ക് 2023-ലെ വയലാർ അവാർഡ് ലഭിച്ച എഴുത്തുകാരൻ ആര് ? **(1 സ്കോർ)**

(A) എസ്. ഹരീഷ് (B) സുഭാഷ് ചന്ദ്രൻ

(C) ബന്യാമിൻ (D) ശ്രീകുമാരൻ തമ്പി

**ഉത്തരം :**

17. ദാരിദ്ര്യ നിർമാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി കേരള സർക്കാർ നടപ്പിലാക്കിയ ഏത് പദ്ധതിയുടെ ലോഗോയാണ് ചുവടെ നൽകിയിരിക്കുന്നത് ? **(1 സ്കോർ)**



(A) കുടുംബശ്രീ (B) ലൈഫ് മിഷൻ

(C) നിലാവ് (D) ശുചിത്വ മിഷൻ

**ഉത്തരം :**

18. മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്ന ഇന്ത്യയുടെ പ്രഥമ ബഹിരാകാശ സഞ്ചാര പേടക പദ്ധതി ഏത് ? (1 സ്കോർ)

(A) ആദിത്യ (B) മംഗൾയാൻ

(C) ചാന്ദ്രയാൻ (D) ഗഗൻയാൻ

**ഉത്തരം :**

19. ക്ലാസിക്കൽ നൃത്തരൂപമായ **ഭരതനാട്യം** രൂപം കൊണ്ടത് ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് ? (1 സ്കോർ)

(A) കേരളം (B) തമിഴ്നാട്

(C) ഒഡീഷ (D) ഗുജറാത്ത്

**ഉത്തരം :**

20. ഇന്ത്യൻ വനിതാക്രിക്കറ്റ് ടീമിൽ അംഗമായ ആദ്യ മലയാളി താരം ആര് ? (1 സ്കോർ)

(A) കീർത്തി ജയിംസ് (B) സജന സജീവൻ

(C) മിന്നുമണി (D) ജിൻസി ജോർജ്

**ഉത്തരം :**

21. *'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് '* എന്ന് പ്രഖ്യാപിച്ച, **ലോകമാന്യ** എന്നറിയപ്പെടുന്ന ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനി ആര് ? (1 സ്കോർ)

**ഉത്തരം :**

22. ഇന്ത്യയിൽ ശിശുദിനമായി ആഘോഷിക്കുന്നത് ആരുടെ ജന്മദിനമാണ് ? **(1 സ്കോർ)**

**ഉത്തരം :**

23. ജനുവരി 2024-ൽ കൊല്ലത്തുവച്ച് നടന്ന കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി സ്വർണ്ണക്കപ്പ് കരസ്ഥമാക്കിയ ജില്ല ഏത് ? **(1 സ്കോർ)**

**ഉത്തരം :**

24. ഇന്ത്യയിലെ **ഹരിത വിപ്ലവത്തിന്റെ പിതാവ്** എന്നറിയപ്പെടുന്ന കൃഷി ശാസ്ത്രജ്ഞൻ ആര് ? **(1 സ്കോർ)**

**ഉത്തരം :**